# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1416 | 31.10.2019-ന് മറുപടിയ്ക്ക് |
|---|---|

## ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ. ദാസൻ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ വെങ്ങളം മുതൽ അഴിയൂർ വരെയുള്ള ദേശീയപാതാ വികസനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ഇതുവരെ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര രൂപ ആകെ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ വെങ്ങളം മുതൽ അഴിയൂർ വരെയുള്ള ദേശീയപാതാ വികസനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ഇതുവരെ 404 എൽ.എ കേസ്സുകളിലായി 94,17,98,841/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതാ വികസനത്തിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ; | (ബി) | വടകര താലൂക്കിലെ അഴിയൂർ വില്ലേജ് മുതൽ കോഴിക്കോട് താലൂക്കിലെ രാമനാട്ടുകര വില്ലേജ് വരെ 185.950 കി.മീ മുതൽ 260.200 കി.മീ വരെ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിൽ നിന്നുമായി 74.22 കി.മീ നീളത്തിൽ 124.5697 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ മുഴുവൻ 3 എ-യും പ്രസിദ്ധീകിച്ചിട്ടുണ്ട്. വടകര താലൂക്കിൽ അഴിയൂർ ബൈപ്പാസിന് ആകെ കൈമാറേണ്ട 9.9947 ഹെക്ടർ ഭൂമിയിൽ 9.9257 ഹെക്ടർ ഭൂമിയും ദേശീയപാതാവികസന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ബാക്കി ഭൂമി ഉടൻ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെയായി ദേശീയപാതാവികസന അതോറിറ്റിയിൽ നിന്നും 73,20,97,368/- രൂപ ലഭിച്ചതിൽ 16,07,09,055/- രൂപ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്.<br><br>കൊയിലാണ്ടി താലൂക്കിൽ ദേശീയപാത 66 വികസനത്തിനാവശ്യമായ സ്ഥലം, റോഡു വികസന ഭാഗവും ബൈപ്പാസുമുൾപ്പെടെ 93.7373 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. കൊയിലാണ്ടി (ചെങ്ങോട്ടുകാവ്) ബൈപ്പാസിനായി നന്തി മുതൽ ചെങ്ങോട്ടുകാവുവരെ 11 കി.മീ ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ആയതിന്റെ 3 എ, 3 ഡി എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിലുൾപ്പെട്ടുവരുന്ന വ്യക്തിഗത ഭൂമിയുടെ വിസ്തീർണ്ണമളന്നെടുക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | കൊയിലാണ്ടി താലൂക്ക് കൊയിലാണ്ടി എൻ.എച്ച് ഡിവിഷനിൽ ഉൾപ്പെട്ടുവരുന്ന ഇരിങ്ങൽ വില്ലേജിലെ 2.0991 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 109,62,60,398/- രൂപ ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും അനുവദിച്ചുകിട്ടിയതിൽ 29,64,24,774/- രൂപയുടെ നഷ്ടപരിഹാരം നാളിതുവരെയായി വിതരണം ചെയ്തിട്ടുണ്ട്.<br><br>കോഴിക്കോട് ബൈപ്പാസിന്റെ അക്വിസിഷൻ ജോലികൾ പൂർത്തിയാക്കുന്നതിനായി ചേമഞ്ചേരി വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനായി 13,35,40,392/- രൂപ അനുവദിച്ചതിൽ 7,39,85,754/- രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.<br><br>ദേശീയപാത സ്ഥലമേറ്റെടുപ്പ് നടപടികൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നതുമാണ് |
| (സി) | പ്രസ്തുത ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ് - നന്തി ബൈപ്പാസ് പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (സി | ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ് ബൈപ്പാസിന്റെ (11 കി.മീ) എൽ.എ പ്രവൃത്തി വളരെ നല്ല രീതിയിൽ മുന്നോട്ടുപോവുകയാണ്. ഇതിന്റെ 3 എ പ്രസിദ്ധീകരിക്കുകയും സർവ്വെ നടപടികൾ പൂർത്തിയാക്കിയതിനുശേഷം 3 ഡി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രഥമ സർവ്വെയിൽ റോഡ് വികസനത്തിനാവശ്യമായതും, എന്നാൽ 3 എയിൽ വിട്ടുപോയതുമായ സർവ്വെ നമ്പറുകളും, എന്നാൽ ആദ്യത്തെ 3 എയിൽ മതിയായ വിസ്തീർണ്ണം ചേർക്കപ്പെടാതെയുമിരുന്ന സർവ്വെ നമ്പറുകൾ കൂടി ഉൾപ്പെടുന്ന വീണ്ടുമൊരു 3 എ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ 3 ഡി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിലുൾപ്പെട്ടുവരുന്ന വ്യക്തിഗത ഭൂമിയുടെ വിസ്തീർണ്ണം അളക്കുന്ന പ്രവൃത്തിയും, കുഴിക്കൂർ ചമയങ്ങളുടെ എണ്ണമെടുക്കുന്ന പ്രവൃത്തിയും ദ്രുതഗതിയിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ